"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- നഗരകാര്യഡയറക്ടറേറ്റിലെ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. വി.കെ.വിനോദ്കൃഷ്ണന് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്

സ.ഉ.(സാധാ) നം.106/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/01/2021

---

പരാമർശം:- 1 ശ്രീ.വി.കെ.വിനോദ്കൃഷ്ണൻ സമർപ്പിച്ച 18.11.2020 തീയതിയിലെ അവധി അപേക്ഷ
2 നഗരകാര്യ ഡയറക്ടറുടെ 02.12.2020 തിയതിയിലെ ഇ1- 4190/17 നമ്പർ കത്ത്.

<u>ഉത്തരവ്</u>

നഗരകാര്യ വകുപ്പ് ആസ്ഥാന ഓഫീസിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. വി.കെ.വിനോദ്കൃഷ്ണന് 2016,2017 വർഷങ്ങളിൽ കായികമൽസരങ്ങളിൽ പങ്കെടുത്തതിന് ഓരോ വർഷവും 90 ദിവസത്തിൽ കൂടുതൽ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിനായി ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതിന്റെയടിസ്ഥാനത്തിൽ ആയത് അനുവദിക്കുന്നതിനായി നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം വിശദമായി പരിശോധിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ നഗരകാര്യ വകുപ്പ് ആസ്ഥാന ഓഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. വി.കെ.വിനോദ്കൃഷ്ണൻ കായികമൽസരങ്ങളിൽ പങ്കെടുക്കുന്നതിനായി അവധിയിലായിരുന്ന കാലയളവിൽ, 2016 കലണ്ടർ വർഷത്തിൽ ആകെ 90 ദിവസവും, 2017 കലണ്ടർ വർഷത്തിൽ ആകെ 90 ദിവസവും, കെ.എസ്.ആർ, ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 3(b), 3 (c) പ്രകാരം, സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ച് ഉത്തരവാകുന്നു.

ഈ അവധിക്കപ്പുറമെയുള്ള 2016, 2017 വർഷങ്ങളിലെ അവധി കാലയളവ് ടിയാന്റെ ക്രെഡിറ്റിലുള്ള അവധിയിൽ നിന്നും അവധി അപേക്ഷ വാങ്ങി നഗരകാര്യഡയറക്ടർ ക്രമീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. വി.കെ.വിനോദ്കൃഷ്ണൻ, സീനിയർ ക്ലർക്ക്, നഗരകാര്യ വകുപ്പ് ആസ്ഥാന ഓഫീസ്,തിരുവനന്തപുരം. (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ